**File No.DME/885/2020-G1**

## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെ.വി.വ.- ജീവനക്കാര്യം - നഴ്സിംഗ് അദ്ധ്യാപകവിഭാഗം - 12/03/2020 - ലെ ജി1/884/2020/മെ.വി.വ നം. പരിപത്രം, 18/03/2020 - ലെ ജി1/ 885/2020/മെ.വി.വ. നം. പരിപത്രം എന്നിവ പ്രകാരം പ്രത്യേകമായി പ്രസിദ്ധീകരിച്ച സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാരുടേയും പ്രൊഫസർമാരുടേയും താൽക്കാലിക സീനിയോരിറ്റി ലിസ്റ്റുകൾ - റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. 14/12/2009 - ലെ G.O.(P) No.425/2009/H&FWD, Annexure I, Clause 7.9.

2. 13/09/2011 - ലെ G.O.(Rt) No. 3244/2011/H&FWD.

3. 10/09/2015 - ലെ G.O(Rt) No.2929/2015/H&FWD.

4. 12/03/2020 - ലെ ജി1/884/2020/മെ.വി.വ നം. പരിപത്രം,

5. 18/03/2020 - ലെ ജി1/ 885/2020/മെ.വി.വ. നം. പരിപത്രം.

6. 16/04/2020 - ലെ മീറ്റിങ്ങിന്റെ മിനുട്ട്സ്.

## ഉത്തരവ് നമ്പർ ജി 1/885/2020/മെ.വി.വ. തീയതി: 30/04/2020

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, പ്രിൻസിപ്പാൾ കോളേജ് ഓഫ് നഴ്സിംഗ് എന്നീ പദവികളിലേക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് പരാമർശം (4), (5) പരിപത്രങ്ങൾ പ്രകാരം, ഈ വകുപ്പിലെ സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാരുടേയും പ്രൊഫസർമാരുടേയും താൽക്കാലിക സീനിയോരിറ്റി ലിസ്റ്റുകൾ പ്രത്യേകമായി പ്രസിദ്ധീകരിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ, ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടു;

പരാമർശം (1) സർക്കാർ ഉത്തരവിൽ,

*"The post of Deputy Director of Nursing Education is the head of nursing education in the State and is a designated post of senior most Professor/Principal of Nursing Colleges"* എന്നും

*"There is no cadre post in the category of of Principals of Nursing Colleges under Medical Education Service and hence senior most Professor of Nursing Colleges is being designated / posted as the Principal, without any change in scale of pay"* എന്നും ഉത്തരവായതായി കാണുന്നു.

കൂടാതെ, പരാമർശം (2) സർക്കാർ ഉത്തരവിൽ, '

*'The appointment to the post of Deputy Director of Nursing Education will be by promotion from the cadre of 'Professor' in Government Nursing Colleges with two years experience as Professor/ Principal"* എന്നാണ് ചേർത്തിട്ടുള്ളത്.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം,

'ഡെപ്യൂട്ടി ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ' തസ്തികയുടെ പേര് 'ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ' എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് ഡയറക്ടർ ഓഫ് നഴ്സിംഗ് എഡ്യൂക്കേഷൻ, പ്രിൻസിപ്പാൾ കോളേജ് ഓഫ് നഴ്സിംഗ് എന്നീ പദവികളുടെ ഫീഡർ കാറ്റഗറി **'പ്രൊഫസർ തസ്തിക'** ആയതിനാലും, പരാമർശം (1) സർക്കാർ ഉത്തരവിൽ *"There is no cadre post in the category of of Principals of Nursing Colleges under Medical Education Service and hence senior most Professor of Nursing Colleges is being designated / posted as the Principal, without any change in scale of pay"* എന്ന് പരാമർശിച്ചിട്ടുള്ളതിനാലും, ഈ വകുപ്പിന്റെ കീഴിലെ നഴ്സിംഗ് കോളേജുകളിലെ **'പ്രിൻസിപ്പാൾ'** മാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകമായി പ്രസിദ്ധീകരിക്കേണ്ടതില്ലെന്നും, പ്രിൻസിപ്പാൾമാരുടെ പേരുകൾ കൂടി സീനിയോറിറ്റി ക്രമത്തിൽ **'പ്രൊഫസർ'** തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാവുന്നതാണെന്നും; ആയതിനാൽ, പ്രത്യേകമായി പ്രസിദ്ധീകരിച്ച, സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാരുടേയും പ്രൊഫസർമാരുടേയും താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ റദ്ദുചെയ്യേണ്ടതാണെന്നും പരാമർശം (6) പ്രകാരം തീരുമാനിച്ചതിൻറെ അടിസ്ഥാനത്തിൽ, പരാമർശം (4), (5) എന്നിവ പ്രകാരം പ്രത്യേകമായി പ്രസിദ്ധീകരിച്ച, സർക്കാർ നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽമാരുടേയും പ്രൊഫസർമാരുടേയും താൽക്കാലിക സീനിയോറിറ്റി ലിസ്റ്റുകൾ റദ്ദുചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

Signature valid

DR REMLA BEEVI.A
DIRECTOR

Digitally signed by DR REMLA BEEVI A
Date: 2020[illegible] 15:19:30 IST
Reason: Approved

സ്വീകർത്താവ് :- പ്രിൻസിപ്പാൾ,
സർക്കാർ നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്.

പകർപ്പ്:
1. ഡി.എം.ഇ./ ജെ.ഡി.എൻ.ഇ. – യുടെ സി.എ.
2. നോട്ടീസ് ബോർഡ് / വെബ്സൈറ്റ്.